**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .72 28-05-2019 -ൽ മറുപടി നൽകേണ്ടിയിരുന്നത്

## പ്രളയദുരന്തം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പാറക്കൽ അബ്ദുല്ല** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | പ്രളയദുരന്തത്തിലേക്ക് കേരളത്തെ തള്ളിവിട്ടത് സർക്കാർ സംവിധാനത്തിന്റെ ഏകോപനത്തിലെ പിടിപ്പുകേടുകളും തീരുമാനമെടുക്കുന്നതിൽ വന്ന അമാന്തവുമാണെന്ന് സർക്കാർ കരുതുന്നുണ്ടോ; | എ) | ഇല്ല |
| ബി) | പ്രളയകാരണങ്ങൾ കണ്ടെത്തുന്നതിന് ഹൈക്കോടതി നിയോഗിച്ച അമിക്കസ് ക്യൂറിയുടെ റിപ്പോർട്ട് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | ബി) | ഉണ്ട് |
| സി) | 433 പേരുടെ മരണത്തിനും 26,720 കോടി രൂപയുടെ നാശനഷ്ടത്തിനും ഏതാണ്ട് 70 ലക്ഷം ജനങ്ങളെ തീരാദുഃഖത്തിനും കാരണമായ പ്രളയത്തെ തുടർന്നുള്ള പുനർനിർമ്മാണ പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | സി) | ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിത സൗകര്യങ്ങൾ ഉറപ്പാക്കുവാനും ഭാവിയിലുണ്ടാകാനിടയുള്ള ദുരന്തങ്ങൾ അതീജീവിക്കുവാനുതകുന്ന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തിയും പരിസ്ഥിതി സൗഹാർദ്ദപരമായ രീതിയിൽ കേരള പുനർനിർമ്മാണവും പുനരുദ്ധാരണവും സാധ്യമാക്കുന്നതിനാണ് കേരള പുനർനിർമ്മാണ പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുള്ളത്. നീതിപൂർവ്വകവും നിഷ്പക്ഷവുമായ പുനരധിവാസ നടപടികൾ, ആസ്തി പരിപാലന ചട്ടക്കൂടുകളുടെ രൂപീകരണം, കാര്യക്ഷമത ഉറപ്പാക്കൽ, നടപടി ക്രമങ്ങളുടെ ലഘൂകരണം എന്നീ അടിസ്ഥാന സമീപനങ്ങൾ സ്വീകരിച്ചുകൊണ്ട് വിശദമായ പദ്ധതിരേഖയും നിർവ്വഹണ സമയക്രമവും നിശ്ചയിച്ച് സമയബന്ധിതമായ നിർവ്വഹണം ഉറപ്പാക്കുവാൻ ആകുന്ന ഏജൻസികൾ വഴി നടപ്പാക്കുക എന്നതാണ് റീബിൽഡ് കേരളാ ഇനിഷ്യേറ്റീവിന്റെ നിർവ്വഹണ സമീപനം. |

| | | | |
|---|---|---|---|
| | | | ഇത്തരത്തിലുള്ള പദ്ധതിരേഖകൾ തയ്യാറാക്കി വിവിധ ഫണ്ടിംഗ് ഏജൻസികൾക്ക് സമർപ്പിക്കുന്നതിനുള്ള നടപടികളാണ് റീബിൽഡ് കേരളാ ഇനിഷ്യേറ്റീവ് നിലവിൽ ഏറ്റെടുത്തിട്ടുള്ളത്. കേരളത്തിന്റെ വികസനത്തിനും ജനങ്ങളുടെ ജീവിത ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമായി നിലവിൽ സർക്കാർ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ പൂരകമായി രൂപപ്പെടുത്തിയിട്ടുള്ള കേരള പുനർനിർമ്മാണ വികസന പരിപാടിക്ക് മന്ത്രിസഭ അംഗീകാരം നൽകിയിട്ടുണ്ട്. കേരള പുനർനിർമ്മാണ പദ്ധതികൾക്കായി ലോക ബാങ്കിൽ നിന്ന് 5137.34 കോടി രൂപയുടെ (സംസ്ഥാന വിഹിതം ഉൾപ്പെടെ) വികസന നയവായ്പ (DPL), ജർമ്മൻ ബാങ്കായ കെ.എഫ്.ഡബ്ല്യൂ-ൽ നിന്ന് 1458 കോടി രൂപ (സംസ്ഥാന വിഹിതം ഉൾപ്പെടെ)യുടെ വായ്പ എന്നിവ സംബന്ധിച്ച ധാരണപത്രം ഒപ്പിടുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. വായ്പയുടെ ആദ്യ ഗഡു ലഭ്യമാക്കുന്നതു സംബന്ധിച്ച മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തിവരുന്നു. |
| ഡി) | പ്രളയാനന്തര പുനർനിർമ്മാണവും പുനരധിവാസവും സംബന്ധിച്ച എത്ര അപ്പീലുകളാണ് ഇപ്പോൾ സർക്കാരിന്റെ മുന്നിലുള്ളത്; ഇവ എപ്പോൾ തീർപ്പാക്കാനാകും എന്നാണ് കരുതുന്നത്? | ഡി) | ഭാഗികമായി തകർന്ന വീടുകൾ<br>ലഭിച്ച അപ്പീലുകളുടെ എണ്ണം: 60673<br>അപ്പീൽ തീർപ്പാക്കിയത്: 43507<br>പൂർണ്ണമായും തകർന്ന വീടുകൾ<br>ലഭിച്ച അപ്പീലുകളുടെ എണ്ണം: 14383<br>അപ്പീൽ തീർപ്പാക്കിയത് : 8052.<br>31.05.2019 നകം അപ്പീലുകൾ തീർപ്പാക്കുവാൻ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ